എ.വൈ.ആർ

സൂറ-10

# യൂനുസ്

وَلَوْ شَآءَ رَبُّكَ لَءَامَنَ مَن فِى ٱلْأَرْضِ كُلُّهُمْ جَمِيعًا ۚ أَفَأَنتَ تُكْرِهُ ٱلنَّاسَ حَتَّىٰ
يَكُونُوا۟ مُؤْمِنِينَ ﴿٩٩﴾

**99** നിന്റെ നാഥൻ നിശ്ചയിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും ഒരുമിച്ചു സത്യവിശ്വാസികളാകുമായിരുന്നു. അല്ലാഹു അങ്ങനെ നിശ്ചയിച്ചിട്ടില്ലെന്നിരിക്കെ വിശ്വാസികളാകാൻ ആളുകളെ നീ നിർബന്ധിക്കുകയോ?!

وَمَا كَانَ لِنَفْسٍ أَن تُؤْمِنَ إِلَّا بِإِذْنِ ٱللَّهِ ۚ وَيَجْعَلُ ٱلرِّجْسَ عَلَى ٱلَّذِينَ لَا
يَعْقِلُونَ ﴿١٠٠﴾

**100** ദൈവഹിതമില്ലാതെ ഒരു ജീവിക്കും സത്യവിശ്വാസം കൈക്കൊള്ളാനാവില്ല. ബുദ്ധി ഉപയോഗിക്കാത്ത ജനത്തിന് അല്ലാഹു മ്ലേഛത വിധിക്കുന്നു.

قُلِ ٱنظُرُوا۟ مَاذَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَمَا تُغْنِى ٱلْءَايَٰتُ وَٱلنُّذُرُ عَن قَوْمٍ
لَّا يُؤْمِنُونَ ﴿١٠١﴾

**101** വാനലോകത്തും ഭൂലോകത്തുമുള്ളതെന്തൊക്കെയാണെന്ന് കണ്ണ് തുറന്നു കാണുവിൻ; പക്ഷേ വിശ്വസിക്കാൻ തയാറില്ലാത്ത ജനത്തിന് ദൃഷ്ടാന്തങ്ങളും മുന്നറിയിപ്പുകളും പ്രയോജനം ചെയ്യുന്നില്ല!

فَهَلْ يَنتَظِرُونَ إِلَّا مِثْلَ أَيَّامِ ٱلَّذِينَ خَلَوْا۟ مِن قَبْلِهِمْ ۚ قُلْ
فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ ﴿١٠٢﴾

**102** മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങൾ നേരിട്ടതു പോലുള്ള ദുർദിനങ്ങളെയല്ലാതെ മറ്റെന്താണിനി ഇക്കൂട്ടർക്ക് പ്രതീക്ഷിക്കാനുള്ളത്? അവരോടു പറയുക: എങ്കിൽ കാത്തിരുന്നുകൊള്ളുവിൻ. നിങ്ങളോടൊപ്പം ഞാനും കാത്തിരിക്കാം!

ثُمَّ نُنَجِّى رُسُلَنَا وَٱلَّذِينَ ءَامَنُوا۟ ۚ كَذَٰلِكَ حَقًّا عَلَيْنَا نُنجِ ٱلْمُؤْمِنِينَ ﴿١٠٣﴾

**103** ആ ശിക്ഷയുടെ സന്ദർഭം ആസന്നമായാൽ പിന്നെ നമ്മുടെ ദൂതന്മാരെയും സത്യ വിശ്വാസികളായവരെയും നാം രക്ഷപ്പെടുത്തുന്നു. അതാകുന്നു നമ്മുടെ രീതി. വിശ്വാസികളെ രക്ഷിക്കുക നമ്മുടെ കടമയാകുന്നു.

وَلَوْ شَآءَ= ഉദ്ദേശി(നിശ്ചയി)ച്ചിരുന്നുവെങ്കിൽ رَبُّكَ= നിന്റെ നാഥൻ
لَءَامَنَ= തീർച്ചയായും വിശ്വാസം കൈക്കൊള്ളുമായിരുന്നു مَن فِى ٱلْأَرْضِ= ഭൂമിയിലുള്ളവർ
كُلُّهُمْ= അവരൊക്കെയും جَمِيعًا= എല്ലാം(ഒരുമിച്ച്) أَفَأَنتَ= നീ ആണോ
تُكْرِهُ= നിർബന്ധിക്കു(കയോ)ന്നു ٱلنَّاسَ= ആളുകളെ
حَتَّىٰ يَكُونُوا۟= അവർ ആ(കാൻ)കുന്നതുവരെ مُؤْمِنِينَ= വിശ്വാസികൾ
وَمَا كَانَ لِنَفْسٍ= (ജീവിക്കും ആവില്ല) ഒരു ജീവിയുടെയും പ്രകൃതിയല്ല
أَن تُؤْمِنَ= വിശ്വാസം കൈക്കൊള്ളുക إِلَّا بِإِذْنِ ٱللَّهِ ۚ= ദൈവഹിതമില്ലാതെ
وَيَجْعَلُ= (അല്ലാഹു) ആക്കുന്നു(വിധിക്കുന്നു) ٱلرِّجْسَ= മ്ലേച്ഛത, മാലിന്യം
عَلَى ٱلَّذِينَ لَا يَعْقِلُونَ= (ബുദ്ധി ഉപയോഗിക്കാത്തവർക്ക്) ബുദ്ധിപൂർവം ഗ്രഹിക്കാത്തവരുടെ മേൽ
قُلِ= നീ പറയുക ٱنظُرُوا۟= നിങ്ങൾ(കണ്ണുതുറന്നു)കാണുവിൻ
مَاذَا= എന്താ(എന്തൊക്കെയാ)ണ് فِى ٱلسَّمَٰوَٰتِ= വാനലോകത്തുള്ളത്
وَٱلْأَرْضِ ۚ= (ഉള്ളത്) ഭൂലോകത്തും وَمَا تُغْنِى= പ്രയോജനം ചെയ്യുന്നില്ല
ٱلْءَايَٰتُ= ദൃഷ്ടാന്തങ്ങൾ وَٱلنُّذُرُ= മുന്നറിയിപ്പുകളും عَن قَوْمٍ= ജനത്തിന്
لَّا يُؤْمِنُونَ= (വിശ്വസിക്കാൻ തയാറില്ലാത്ത) വിശ്വസിക്കാത്തവരായ
فَهَلْ يَنتَظِرُونَ= (ഇനി മറ്റെന്താണ് അവർക്ക് പ്രതീക്ഷിക്കാനുള്ളത്) അവർ പ്രതീക്ഷിക്കുന്നുണ്ടോ
إِلَّا مِثْلَ= പോലുള്ളതല്ലാതെ أَيَّامِ= (ദുർ)ദിനങ്ങൾ
ٱلَّذِينَ خَلَوْا۟= (സമുദായങ്ങൾ നേരിട്ടത്) കഴിഞ്ഞുപോയവരുടെ مِن قَبْلِهِمْ ۚ = അവർക്ക് മുമ്പ്
قُلْ= നീ പറയുക فَٱنتَظِرُوٓا۟= ആകയാൽ നിങ്ങൾ കാത്തിരുന്നു കൊള്ളുക

إِنِّى مَعَكُم= ഞാൻ(നും) നിങ്ങളോടൊപ്പം

مِّنَ ٱلْمُنتَظِرِينَ= (കാത്തിരിക്കാം) കാത്തിരിക്കുന്നവരിൽ പെട്ടവനാകുന്നു

ثُمَّ= പിന്നെ نُنَجِّى= നാം രക്ഷപ്പെടുത്തുന്നു رُسُلَنَا= നമ്മുടെ ദൂതന്മാരെ

وَٱلَّذِينَ ءَامَنُوا۟= വിശ്വാസികളായവരെയും كَذَٰلِكَ= (അതാകുന്നു നമ്മുടെ രീതി) അപ്രകാരം

حَقًّا= (കടമയാകുന്നു) ബാധ്യതയായ നിലയിൽ عَلَيْنَا= നമ്മുടെ മേൽ

نُنجِ= (രക്ഷിക്കുക) നാം രക്ഷിക്കുന്നു ٱلْمُؤْمِنِينَ= സത്യവിശ്വാസികളെ

**99:** ഖുർആൻ പല സ്ഥലങ്ങളിൽ ആവർത്തിച്ചനുസ്മരിക്കുന്ന ഒരു മൗലിക യാഥാർഥ്യമാണ് ഈ സൂക്തവും തുടർന്നുള്ള ഏതാനും സൂക്തങ്ങളും ഉൾക്കൊള്ളുന്നത്. അല്ലാഹു ഈ ലോകത്തേക്ക് മനുഷ്യരെ സൃഷ്ടിച്ചുവിട്ടിട്ടുള്ളത്, ഓരോ വ്യക്തിയും അനിവാര്യമായും അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ദീൻ അനുസരിക്കുകയും ചെയ്യണം എന്ന് നിശ്ചയിച്ചുറപ്പിച്ചിട്ടല്ല. മനുഷ്യൻ മനുഷ്യനാവണമെങ്കിൽ ബുദ്ധിയുള്ളവനും സംസാരിക്കുന്നവനും ചിരിക്കുന്നവനുമൊക്കെ ആയിരിക്കണം. ഓരോ മനുഷ്യനും അങ്ങനെയൊക്കെ ആയിരിക്കണമെന്ന് അല്ലാഹു നേരത്തേ നിശ്ചയിച്ചുറപ്പിച്ചതുകൊണ്ടാണത്. സാമാന്യബുദ്ധിയും സംസാരിക്കാനും ചിരിക്കാനുമുള്ള ശേഷിയും ആരും ബോധപൂർവം ആർജിക്കുന്നതല്ല. അത് അവന്റെ മൗലിക സ്വഭാവങ്ങളാണ്. ഈ ശേഷികളൊന്നും ആർക്കും സ്വയം വേണ്ടെന്നുവെക്കാനും കഴിയില്ല. അല്ലാഹു ഒരു കാര്യം മനുഷ്യനിൽ നിർബന്ധമായി ഉണ്ടായിരിക്കണമെന്നു വിധിച്ചാൽ അതിന്റെ അവസ്ഥ ഇങ്ങനെയായിരിക്കും. പ്രകൃത്യാ മനുഷ്യനിൽ ഉണ്ടായിരിക്കണമെന്ന് അല്ലാഹു തീരുമാനിച്ച കാര്യങ്ങളിൽ പെട്ടതല്ല അവന്റെ ആദർശ വിശ്വാസങ്ങൾ. ബുദ്ധിയും വിവേചനശക്തിയും ഉപയോഗിച്ച് സ്വന്തമായും സ്വതന്ത്രമായും ആർജിക്കേണ്ടതാണവ. ബുദ്ധിയും വിവേചന ശക്തിയും നടത്തുന്ന അന്വേഷണത്തെ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനുമുള്ള ഉപാധികൾ അല്ലാഹു നൽകുന്നുണ്ട്. എന്നാൽ ഏതെങ്കിലും വിശ്വാസാദർശം സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുന്ന കാര്യത്തിൽ മനുഷ്യൻ പൂർണ സ്വതന്ത്രനാണ്. മനുഷ്യനു നൽകിയ സ്വാതന്ത്ര്യം അവൻ ശരിയായയാണോ അതല്ല തെറ്റായാണോ ഉപയോഗിക്കുന്നത് എന്ന് പരീക്ഷിക്കുകയാണ് അല്ലാഹു. അതിനാൽ ദൈവിക ദീൻ സ്വീകരിക്കാൻ പ്രവാചകനോ പ്രബോധകനോ ആരെയും നിർബന്ധിക്കേണ്ടതില്ല. എല്ലാവരും വിശ്വാസികൾ തന്നെ ആയിരിക്കണമെന്ന് അല്ലാഹു നിശ്ചയിച്ചിരുന്നുവെങ്കിൽ, എല്ലാ മത്സ്യങ്ങളും വെള്ളത്തിൽ നീന്തുന്നതുപോലെ എല്ലാ സർപ്പങ്ങളും ഇഴഞ്ഞു നടക്കുന്നതുപോലെ എല്ലാ പക്ഷികളും മാനത്തു പാറിപ്പറക്കുന്നതുപോലെ എല്ലാ മനുഷ്യരും ദൈവിക ദീനിൽ തന്നെ നിലകൊള്ളുമായിരുന്നു. അപ്രകാരം നിശ്ചയിക്കാതെ, വിശ്വസിക്കാനും നിഷേധിക്കാനും സ്വാതന്ത്ര്യം നൽകിയിട്ടുള്ളതുകൊണ്ടാണ് ആളുകളെ വിശ്വാസത്തിലേക്ക് ക്ഷണിക്കാൻ പ്രവാചകന്മാരെ നിയോഗിച്ചതും വേദങ്ങളവതരിപ്പിച്ചതും. ആളുകളെ ബലാൽക്കാരം വിശ്വസിപ്പിക്കുകയല്ല പ്രബോധകരുടെ കർത്തവ്യം. അത് അല്ലാഹു നൽകിയ സ്വാതന്ത്ര്യം നിഷേധിക്കലാണ്. പ്രബോധകർക്ക് അതിന്നധികാരമില്ല. വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും അന്ധവിശ്വാസത്തിന്റെയുമൊക്കെ ഗുണദോഷങ്ങൾ വ്യക്തമാക്കിക്കൊടുത്തുകൊണ്ട് വിശ്വസിക്കാൻ ഉപദേശിക്കുക മാത്രമാകുന്നു പ്രബോധകന്റെ ദൗത്യം –إِنْ عَلَيْكَ إِلَّا ٱلْبَلَٰغُ (സന്ദേശം എത്തിച്ചുകൊടുക്കുക മാത്രമാകുന്നു നിന്റെ ചുമതല –

42:48).

فَذَكِّرْ إِنَّمَآ أَنتَ مُذَكِّرٌ ﴿٢١﴾ لَّسْتَ عَلَيْهِم بِمُصَيْطِرٍ ﴿٢٢﴾

(നീ ഉൽബോധിപ്പിക്കുക; ഉൽബോധകൻ മാത്രമാകുന്നു നീ. അവരുടെ മേൽ ആധിപത്യമുള്ളവനല്ല - 88: 21,22)

അതിനാൽ ജനം വിശ്വസിക്കാൻ വിസമ്മതിക്കുന്നതിൽ പ്രബോധകർ വിഷമിക്കേണ്ടതില്ല. സ്വന്തം കർത്തവ്യം ഭംഗിയായി നിർവഹിക്കുകയേ ചെയ്യേണ്ടതുള്ളൂ. വിശ്വസിക്കലും നിഷേധിക്കലും ജനങ്ങളുടെ ഇഷ്ടം. ആളുകൾ സത്യവിശ്വാസം കൈക്കൊള്ളുന്നതിൽ അല്ലാഹു സംപ്രീതനാകുന്നത് അവരുടെ മനസ്സിനും മനഃസാക്ഷിക്കും ബോധ്യപ്പെട്ട് വിശ്വാസം കൈക്കൊള്ളുമ്പോഴാണ്; അല്ലാതെ ബലാൽക്കാരം വിശ്വസിപ്പിക്കുമ്പോഴല്ല.

**100:** വിശ്വാസത്തിന്റെയും നിഷേധത്തിന്റെയും കാര്യത്തിലുള്ള ദൈവികചര്യ –سنّة الله– യിലേക്ക് വിരൽ ചൂണ്ടുകയാണീ സൂക്തം. വിശ്വസിക്കാനും അവിശ്വസിക്കാനുമുള്ള സ്വാതന്ത്ര്യം നിരുപാധികമല്ല. വിശ്വാസകാര്യത്തിൽ മനുഷ്യൻ സ്വതന്ത്രനായിരിക്കട്ടെ എന്ന് അല്ലാഹു വിധിച്ചതുകൊണ്ടാണ് അവന് ഈ സ്വാതന്ത്ര്യം ലഭിച്ചത്. അതിനാൽ മനുഷ്യന്റെ സ്വാതന്ത്ര്യം അല്ലാഹുവിന്റെ ഇഛ –مشيئة– യെ ആശ്രയിച്ചിരിക്കുന്നു. അല്ലാഹു നിശ്ചയിച്ച നിയമങ്ങളും വ്യവസ്ഥകളുമനുസരിച്ചേ മനുഷ്യന് അവന്റെ സ്വാതന്ത്ര്യം പ്രയോഗിക്കാനാവൂ. നിങ്ങൾക്ക് ഇരിക്കാനും നിൽക്കാനും സ്വാതന്ത്ര്യമുണ്ട്. നിൽക്കാനുള്ള സ്വാതന്ത്ര്യം പ്രയോഗിക്കണമെങ്കിൽ നിങ്ങൾ പാദങ്ങൾ തറയിൽ പതിച്ചുവെക്കുകയും കാൽമുട്ടിന്റെയും നടുവിന്റെയും സന്ധികൾ നിവർത്തുകയും വേണം. ഇരിക്കാനുള്ള സ്വാതന്ത്ര്യമാണുപയോഗിക്കുന്നതെങ്കിൽ രണ്ടു സന്ധികളും വളക്കുകയും വേണം. ഇതുപോലെ വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം പ്രാവർത്തികമാകാൻ ബുദ്ധിയെയും വിവേചന ശക്തിയെയും നേരാംവണ്ണം ഉപയോഗിക്കണം. അവിശ്വസിക്കാനോ അന്ധവിശ്വാസത്തിനോ ഉള്ള സ്വാതന്ത്ര്യമാണ് പ്രയോഗിക്കുന്നതെങ്കിൽ ബുദ്ധിയുടെയും വിവേചന ശക്തിയുടെയും മാർഗദർശനങ്ങളിൽനിന്നു വ്യതിചലിക്കേണ്ടതുണ്ട്. അതായത്, സത്യവിശ്വാസം കൈക്കൊള്ളുന്നവർ അതു കൈക്കൊള്ളുന്നത് അല്ലാഹുവിന്റെ അനുമതിയാലും ഉതവിയാലുമാണ്. അല്ലാഹു നൽകിയ ബുദ്ധിയും ബോധവും ശരിയായ രീതിയിൽ ഉപയോഗിക്കുന്നവർക്കാണ് ഈ അനുമതിയും ഉതവിയും ലഭിക്കുക. ബുദ്ധിയും ചിന്തയും നേർവഴിക്ക് ഉപയോഗിക്കാത്തവരുടെ ഉൾക്കാഴ്ചക്കു മീതെ അല്ലാഹു അവരുടെ ദുഷ്കർമങ്ങളുടെ ദുഷ്ടുകൾക്ക് ആധിപത്യം നൽകുന്നു. അതവരെ ആന്തരികമായി അന്ധരാക്കുന്നു. അവരെപ്പോഴും സ്വന്തം ജഡികേഛകൾക്കു പിമ്പേ മാത്രമേ നടക്കൂ.

وَيَجْعَلُ ٱلرِّجْسَ عَلَى ٱلَّذِينَ لَا يَعْقِلُونَ എന്നാണ് മൂലവാക്യം. മാലിന്യമെന്നും മ്ലേഛകർമം എന്നും رجس ന് ഭാഷാർഥമുണ്ട്. 'ശിക്ഷ' എന്നും ചില വ്യാഖ്യാതാക്കൾ رجس ന് അർഥം കൽപിച്ചിരിക്കുന്നു. അതനുസരിച്ച്, 'ബുദ്ധി ഉപയോഗിക്കാത്തവർക്ക് അല്ലാഹു ശിക്ഷ നിർബന്ധമാക്കി വെക്കുന്നു' എന്നാകും അർഥം. രണ്ടർഥത്തെയും സാധൂകരിക്കുന്നതാണ് സന്ദർഭം.

**101:** ഏകദൈവത്വത്തിനും പ്രവാചകത്വത്തിനും സാക്ഷ്യമായി ദിവ്യാത്ഭുതങ്ങൾ –معجزات– പ്രത്യക്ഷപ്പെടുത്തണം എന്ന അവിശ്വാസികളുടെ മുറവിളിക്കുള്ള ഒരു മറുപടിയാണിത്. വാനലോകത്തും ഭൂലോകത്തും എവിടെ തിരിഞ്ഞുനോക്കിയാലും ദൈവത്തിന്റെ സൃഷ്ടികൾ നിറഞ്ഞുകിടക്കുന്നു. ഓരോ സൃഷ്ടിയും ഓരോ ദൈവിക ദൃഷ്ടാ

ന്തമാണ്; ഓരോ ദൃഷ്ടാന്തവും ഓരോ ദിവ്യാത്ഭുതവും. ദൃഷ്ടാന്തങ്ങൾ കാണണമെന്നുള്ളവർക്ക് ആകാശ ഭൂമികളിലുള്ള ഏതു പ്രതിഭാസത്തിലേക്കു നോക്കിയാലും അതു കാണാൻ കഴിയും. പക്ഷേ ദൃഷ്ടാന്തങ്ങളിലൂടെ സത്യത്തിലെത്തിച്ചേരണമെന്ന് ആഗ്രഹിക്കുന്നവർക്ക് മാത്രമേ ദൃഷ്ടാന്തങ്ങളും മുന്നറിയിപ്പുകളും പ്രയോജനപ്പെടൂ. ഏതു സാഹചര്യത്തിലും പാരമ്പര്യ വിശ്വാസങ്ങളെയും ആചാരങ്ങളെയും സംരക്ഷിക്കുകയാണ് തങ്ങളുടെ ധർമമെന്നു ഭ്രമിച്ചവർ എന്തു ദൃഷ്ടാന്തം കണ്ടിട്ടും കാര്യമില്ല. പ്രവാചകന്മാരുടെ മുന്നറിയിപ്പുകളും വേദോപദേശങ്ങളുമൊന്നും അവർക്ക് പ്രയോജനം ചെയ്യുകയില്ല. نذر (മുന്നറിയിപ്പുകൾ) മനുഷ്യമനസ്സിൽ ദൈവഭയമുണർത്തുന്നതിനു വേണ്ടി അല്ലാഹു പ്രത്യക്ഷപ്പെടുത്തുന്ന പ്രത്യേക ദൃഷ്ടാന്തങ്ങളാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അപകടങ്ങൾ, അത്യാഹിതങ്ങൾ, അവിചാരിതമായ പീഡാനുഭവങ്ങൾ എന്നിവ അക്കൂട്ടത്തിൽ പെടുന്നു.

لَّا يُؤْمِنُونَ (വിശ്വസിക്കാത്ത) എന്ന വാക്യം ഇവിടെ ഉപയോഗിച്ചിട്ടുള്ളത് വിശ്വസിക്കാൻ ഉദ്ദേശിക്കാത്ത, വിശ്വസിക്കാൻ തയാറില്ലാത്ത എന്ന അർഥത്തിലാണ്. مَا تُغْنِى എന്ന വാക്യത്തിലെ ما നിഷേധ സൂചകമായിട്ടാണ് അധിക വ്യാഖ്യാതാക്കളും സ്വീകരിച്ചിട്ടുള്ളത്. ചിലർ അതിനെ ചോദ്യ സൂചകമായും എടുത്തിരിക്കുന്നു. അപ്പോൾ അർഥം, 'വിശ്വസിക്കാൻ തയാറില്ലാത്ത ജനത്തിന് ദൃഷ്ടാന്തങ്ങളും മുന്നറിയിപ്പുകളും എന്തുഫലം ചെയ്യാൻ' എന്നോ, 'മുന്നറിയിപ്പുകൾ കൊണ്ടും ദൃഷ്ടാന്തങ്ങൾ കൊണ്ടും എന്തു പ്രയോജനം' എന്നോ ആകുന്നു.

**102:** ആകാശഭൂമികളിൽ നിറഞ്ഞു കിടക്കുന്ന ദൃഷ്ടാന്തങ്ങൾക്കകത്ത് ഇക്കൂട്ടർ സത്യത്തിന്റെ സുവ്യക്തമായ സൂചനകൾ കാണുന്നില്ലെങ്കിൽ ഇനിയും എന്തുതരം ദൃഷ്ടാന്തങ്ങളാണവർ കാത്തിരിക്കുന്നത്? താക്കീതുകളും മുന്നറിയിപ്പുകളും സത്യമായി പുലർന്നു കാണപ്പെടുന്ന ദൃഷ്ടാന്തങ്ങളോ? ആദ്-സമൂദ് തുടങ്ങിയ പൂർവസമുദായങ്ങൾക്ക് അല്ലാഹുവിങ്കൽനിന്നുണ്ടായ അനുഭവങ്ങൾ പോലുള്ള അനുഭവങ്ങളാണോ അവർക്കുവേണ്ടത്? എങ്കിൽ അത്തരം ദൃഷ്ടാന്തങ്ങൾ കണ്ടുകഴിഞ്ഞാൽ പിന്നെ വിശ്വസിക്കാനവസരമുണ്ടാവില്ല. വിശ്വാസത്തിന്റെയും അവിശ്വാസത്തിന്റെയും അനന്തരഫലങ്ങളുടെ ആരംഭമാണത്. അത്തരം ദൃഷ്ടാന്തം തന്നെ വേണമെന്നാണെങ്കിൽ അവരോട് പറയുക: കാത്തിരിക്കുവിൻ, ഞാനും കാത്തിരിക്കാം!

فَٱنتَظِرُوٓا۟ إِنِّى مَعَكُم مِّنَ ٱلْمُنتَظِرِينَ എന്ന വാക്യത്തിന് രണ്ടു താൽപര്യങ്ങളുണ്ട്. ഒന്ന്, നിങ്ങളെ നശിപ്പിക്കുന്ന ദൈവശിക്ഷയാണ് വേണ്ടതെങ്കിൽ അതുളവാക്കാൻ അല്ലാഹുവിന് പ്രയാസമൊന്നുമില്ല. അവൻ നിശ്ചയിച്ച സമയമായാൽ തീർച്ചയായും അതു വന്നുകൊള്ളും. നിങ്ങൾ സത്യത്തോടും ധർമത്തോടും ഇതേ നിലപാട് തന്നെ തുടരുകയാണെങ്കിൽ സമ്പൂർണ നാശത്തിന്റെ ദൈവിക ശിക്ഷ നിങ്ങൾക്കു വന്നെത്തുമെന്ന് ഞാനും പ്രതീക്ഷിക്കുന്നു. രണ്ട്, ആദ്-സമൂദ് വർഗങ്ങളെ ഗ്രസിച്ചതുപോലുള്ള ദൈവിക ശിക്ഷയാണ് നിങ്ങൾ ആവശ്യപ്പെടുന്നതെങ്കിൽ അത്തരം ശിക്ഷകളിറക്കുക എന്റെ അധികാരത്തിലും കഴിവിലും പെട്ടതല്ല. അല്ലാഹുവിനു മാത്രമേ അതിന്നധികാരമുള്ളൂ. എന്നാൽ അത്തരം ശിക്ഷക്ക് നിങ്ങൾ അർഹരായിക്കൊണ്ടിരിക്കുന്നതായി നിങ്ങളുടെ നടപടികളിൽനിന്നും നിലപാടുകളിൽനിന്നും ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ട് നിങ്ങൾക്ക് അതിന്റെ ആഗമനം പ്രതീക്ഷിക്കാം; ഞാനും പ്രതീക്ഷിക്കുന്നുണ്ട്.

أَيَّام ദിവസങ്ങളാണ്. മഹാസംഭവങ്ങൾ, യുദ്ധങ്ങൾ എന്നീ അർഥത്തിലും ഈ പദം ഉപയോഗിക്കും. അറബികൾക്കിടയിൽ നടന്ന പ്രധാന യുദ്ധങ്ങളെ ഉദ്ദേശിച്ച് أيام العرب എന്നുപറയും; അല്ലാഹുവിന്റെ ശിക്ഷയിറങ്ങിയ നാളുകൾ എന്ന അർഥത്തിൽ

أيّام الله എന്നും. 'പൂർവസമുദായങ്ങളുടെ നേരെ അല്ലാഹു സ്വീകരിച്ച ശിക്ഷാ നടപടികൾ പോലുള്ള നടപടികൾ' എന്നാണ് مِثْلَ أَيَّامِ ٱلَّذِينَ خَلَوْا۟ مِن قَبْلِهِمْ എന്ന വാക്യത്തിന്റെ താൽപര്യം.

**103:** സത്യനിഷേധികൾ തേടുന്ന, പൂർവസമുദായങ്ങൾക്കു വന്നതുപോലുള്ള ശിക്ഷ വരുന്നതിന്റെ ഫലം വിശദീകരിക്കുകയാണിവിടെ. അതൊരിക്കലും ഒരു കുട്ടിക്കളിയായി കാണേണ്ട. അല്ലാഹു ഏതെങ്കിലും സമുദായത്തിന്മേൽ അത്തരമൊരു നിർണായക ശിക്ഷയിറക്കിയാൽ, പിന്നെ അവന്റെ ദൂതനും അദ്ദേഹത്തിൽ വിശ്വസിച്ചവർക്കും മാത്രമേ അതിൽനിന്നു രക്ഷപ്പെടാൻ കഴിയൂ. മറ്റുള്ളവരെയൊക്കെയും അതു ചവിട്ടിയരച്ചുകളയും. അതിനാൽ ആ അനുഭവത്തിൽനിന്ന് ഭാവിജീവിതത്തിലേക്കുള്ള പാഠങ്ങൾ പഠിക്കാമെന്നോ അതിനുശേഷം ധർമബദ്ധരായിക്കളയാമെന്നോ അവിശ്വാസികൾ വ്യാമോഹിക്കേണ്ട.

كَذَٰلِكَ حَقًّا عَلَيْنَا نُنجِ ٱلْمُؤْمِنِينَ എന്നവാക്യം, പ്രവാചകനെ എതിർത്തിരുന്ന ഖുറൈശികൾക്കുള്ള താക്കീതാണ്. ഉപരിസൂചിതമായ ദൈവിക നടപടിക്രമം –سنّة الله– അനുസരിച്ച് മുഹമ്മദീയ പ്രവാചകത്വത്തെ നിഷേധിക്കുകയും അദ്ദേഹത്തെയും സത്യവിശ്വാസികളെയും മർദിക്കുകയും ചെയ്യുന്ന നിങ്ങളും ആ നടപടിക്രമത്തിന്റെ പരിധിയിലെത്തിയിരിക്കുന്നു. അതിനാൽ മുൻഗാമികളെ ചെയ്തപോലെ നിങ്ങളെയും കൈകാര്യം ചെയ്യുകയും ദൈവദൂതനും വിശ്വാസികൾക്കും രക്ഷയരുളുകയും നമ്മുടെ ബാധ്യതയാകുന്നു.

ഒരു ജനവിഭാഗത്തെ ശിക്ഷിക്കുമ്പോൾ പ്രവാചകനെയും സത്യവിശ്വാസികളെയും അല്ലാഹു അതിൽനിന്നു രക്ഷപ്പെടുത്തും എന്ന കാര്യം ഖുർആൻ ആവർത്തിച്ച് അനുസ്മരിക്കുന്നുണ്ട്. സത്യനിഷേധികളെയും ധർമധിക്കാരികളെയും മാത്രമേ ശിക്ഷ ബാധിക്കൂ. ഉന്മൂലനാശം വിധിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള ശിക്ഷയുടെ കാര്യത്തിലാണ് ഈ ക്രമം. പരീക്ഷണാത്മകവും ഉൽബോധനപരവുമായി ഇറങ്ങുന്ന ആപത്തുകൾ വിശ്വാസികളെയും അവിശ്വാസികളെയും ഒരുപോലെ ബാധിക്കുന്നതാണ്. വിശ്വാസി അതിൽനിന്നു പാഠം പഠിക്കുന്നു. ദൈവധിക്കാരികളെ സംബന്ധിച്ചേടത്തോളം അത് അവരുടെ മേലുള്ള അല്ലാഹുവിന്റെ ന്യായം പൂർത്തിയാക്കൽ മാത്രമായി കലാശിക്കുന്നു.

ഈ സൂക്തത്തിന്റെ ഘടന അൽപം സങ്കീർണമാണ്. തുടക്കത്തിലെ نُنَجِّي ക്ക് ننج എന്നും ഒടുവിലെ نُنجِ ക്ക് نُنَجِّي എന്നും പാഠഭേദമുണ്ട്. രണ്ടും ഉത്തമപുരുഷ വർത്തമാന ക്രിയകളാണ്. രണ്ടിന്റെയും അർഥം ഒന്നുതന്നെ. ننج എന്നത് أنجى എന്ന ഭൂതകാലക്രിയയുടെ വർത്തമാന രൂപമാണ്; ننجّى എന്നത് نَجَّى എന്ന ഭൂതകാലക്രിയയുടെയും. كَذَٰلِكَ എന്ന പദത്തെയാണ് 'അതാകുന്നു നമ്മുടെ രീതി' എന്നു തർജമ ചെയ്തിട്ടുള്ളത്. അറബി പണ്ഡിതന്മാർ ഈ പദത്തെ വിശദീകരിക്കുന്നതിങ്ങനെയാണ്:

ننجّى رسلنا والّذين آمنوا ننجيهم مثل ذلك وتصير الجملة كذلك ننجى المؤمنين اى مثل ذلك الانجاء ننجى المؤمنين منكم ونهلك المشركين

(നമ്മുടെ ദൂതന്മാരെ നാം രക്ഷപ്പെടുത്തുന്നു; അതുപോലെ സത്യവിശ്വാസികളായവരെയും നാം രക്ഷപ്പെടുത്തുന്നു. അപ്പോൾ വാക്യം, അപ്രകാരം നാം വിശ്വാസികളെ രക്ഷിക്കുന്നു എന്നാകുന്നു. അതായത്, ആ രക്ഷപ്പെടുത്തൽ പോലെ നിങ്ങളിൽനിന്നുള്ള വിശ്വാസികളെ നാം രക്ഷിക്കുകയും ദുഷ്ടജനത്തെ നശിപ്പിക്കുകയും ചെയ്യുന്നു).

كذلك ننجى المؤمنين എന്ന വാക്യത്തിനകത്തുള്ള ഒരു ഇടവാക്യം –جملة معترضة– ആയി

ട്ടാണ് حَقًّا عَلَيْنَا കണക്കാക്കപ്പെടുന്നത്. അതിന്റെ മുമ്പിൽ حقّ ذلك എന്നു അനുക്തമായിട്ടുണ്ട്.

حقّ ذلك علينا حقا (അതു നമ്മുടെ മേൽ ഒരു നിർബന്ധ ബാധ്യതയായിരിക്കുന്നു) എന്നാണ് പൂർണരൂപം. ■